(എ) 2004-2005 വർഷം വരൾച്ച, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, കാലവർഷക്കെടുതികൾ എന്നിവ മൂലം സംസ്ഥാനത്തുണ്ടായ നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഈ നഷ്ടം നികത്തുന്നതിന് കേന്ദ്രത്തിൽ നിന്നും കിട്ടിയ സഹായം എത്രയാണെന്നും സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട സഹായം എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) നഷ്ടത്തിന്റെ കണക്ക് തയ്യാറാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) ഈ വേനൽക്കാലത്ത് ഉണ്ടായ രൂക്ഷമായ വരൾച്ച നേരിടുന്നതിന് അടിയന്തിര സഹായമായി ഓരോ ജില്ലയ്ക്കും സംസ്ഥാന ഗവൺമെന്റ് അനുവദിച്ച സഹായം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(ഇ) തൃശ്ശൂർ ജില്ലയിൽ നിന്ന് ഇതിനായി എത്ര പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട് ; ഇതിന് മൊത്തം വരുന്ന എസ്റ്റിമേറ്റ് തുക എത്രയാണ് ;

(എഫ്) സമർപ്പിച്ച പദ്ധതികളിൽ എത്രയെണ്ണത്തിന് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകി എന്നു വ്യക്തമാക്കാമോ ;

(ജി) രണ്ട് ലക്ഷത്തിൽ കൂടുതൽ തുകയ്ക്കുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകാനുള്ള അധികാരം ജില്ലാ കളക്ടർമാരിൽ നിന്നും മാറ്റിയതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(എച്ച്) 2001-2002 മുതൽ കഴിഞ്ഞ നാലു വർഷം വരൾച്ച നേരിടുന്നതിനായി ഓരോ വർഷവും ജില്ലകൾക്ക് അനുവദിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി, സി, ഡി, ഇ, എഫ്, ജി ആന്റ് എച്ച്) വിവരം ശേഖരിച്ചു വരുന്നു.

ഹൗസിംഗ് ബോർഡിന്റെ കൈവശമുള്ള സ്ഥലം

179. [948] ശ്രീ. സി. മമ്മൂട്ടി :

" സി. ടി. അഹമ്മദ് അലി :

" പി. കെ. അബ്ദുറബ്ബ് :

" ടി. പി. എം. സാഹിർ :

" നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് ഭവന നിർമ്മാണത്തിനായി വിതരണം ചെയ്യാൻ വേണ്ടിയുള്ള എത്രത്തോളം സ്ഥലം ഇപ്പോൾ ബോർഡിന്റെ കൈവശമുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് എന്നത്തേക്ക് വിതരണം ചെയ്തു കൊടുക്കാനാണ് ഉദ്ദേശിയ്ക്കുന്നത് ;

(സി) വിതരണത്തിനുള്ള സ്ഥലങ്ങളെ സംബന്ധിച്ച് നിയമ തടസ്സം ഉള്ളവ എത്ര ; എവിടെയെല്ലാം ;

(ഡി) എത്രകാലമായി വിതരണം മുടങ്ങിക്കിടക്കുന്നു;

(ഇ) ഇതുമൂലം ബോർഡിന് എന്തു തുക പിരിഞ്ഞു കിട്ടാതിരിയ്ക്കുന്നു എന്ന് വ്യക്തമാക്കാമോ ;

(എഫ്) വിതരണത്തിനുള്ള ഭൂമി സംബന്ധമായ കേസ്സുകൾ തീർത്ത് അവ വിതരണം ചെയ്യാൻ എന്നത്തേയ്ക്ക് സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) 55 വികസിത പ്ലോട്ടുകൾ വിതരണത്തിനായി ഓഫർ ചെയ്തിട്ടുണ്ട്. ആവശ്യമനുസരിച്ച് ഭവന നിർമ്മാണ ബോർഡ് വിതരണം നടത്തി വരുന്നു.

(സി) 29 സെയിൽ പ്ലോട്ടുകൾ. നാലാഞ്ചിറ (തിരുവനന്തപുരം)

(ഡി) ഏഴ് മാസത്തോളമായി.

(ഇ) ഏകദേശം 310 ലക്ഷം രൂപ.

(എഫ്) ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട കേസ്സുകൾ തീർപ്പാക്കിയ ശേഷം ഭൂമി വിതരണത്തിനുള്ള നടപടി ബോർഡ് സ്വീകരിയ്ക്കുന്നതാണ്. ഈ കേസുകൾ തീർപ്പാക്കുന്നതിന് ബോർഡ് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാർ ഭൂമി പതിച്ചു കൊടുത്ത നടപടി

180. [949] ശ്രീ. ചെർക്കളം അബ്ദുള്ള :

„ സി. മോയിൻ കുട്ടി :

„ സി. മമ്മൂട്ടി :

„ ടി. പി. എം. സാഹിർ :

„ പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം എത്ര പേർക്ക് സർക്കാർ ഭൂമി പതിച്ചു കൊടുത്തു ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പടുത്തുമോ ;

(സി) മുൻ ഗവൺമെന്റ് എത്ര പേർക്ക് സർക്കാർ ഭൂമി പതിച്ചുനൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly